**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2248** **03-03-2025 - ൽ മറുപടിയ്ക്ക്**

**എലപ്പുള്ളിയിലെ മദ്യനിർമ്മാണ പ്ലാന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് എലപ്പുള്ളിയിലെ മദ്യനിർമ്മാണ പ്ലാന്റിന് എന്തൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | M/s. Oasis Commercial Pvt. Ltd. എന്ന സ്ഥാപനത്തിന് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/ വൈനറി പ്ലാന്റ് എന്നിവ ആരംഭിയ്ക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും നിബന്ധനകളും പാലിക്കേണ്ടതാണെന്നും, അസംസ്കൃത വസ്തുവായി അരി ഉപയോഗിക്കുമ്പോൾ ബ്രോക്കൻ റൈസ് മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ എന്ന നിബന്ധനയോടുമാണ് പ്രാരംഭാനുമതി നല്കിയിട്ടുള്ളത്. |
| (ബി) | കമ്പനിക്ക് എത്ര വർഷത്തേക്കാണ് സർക്കാർ ഭൂമി കൈമാറിയിട്ടുള്ളതെന്നും ആകെ എത്ര ഭൂമിയാണ് കൈമാറിയിട്ടുള്ളതെന്നും ഈ ഭൂമി കൈവശം വയ്ക്കുന്നതിന് എന്തൊക്കെ നിബന്ധനകളാണ് മുന്നോട്ടു വച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | ഭൂമി കമ്പനിയുടെ ഉടമസ്ഥതയിലുള്ളതാണ്. |
| (സി) | ഇതിനായി എത്ര ഏക്കർ തണ്ണീർത്തടം തരം മാറ്റേണ്ടി വരുമെന്നാണ് കണക്കാക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | കമ്പനിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ ഉദ്ദേശം 6 ഏക്കർ ഭൂമി നിലം ഇനത്തിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്നാണ് കമ്പനി അറിയിച്ചിട്ടുള്ളത്. |
| (ഡി) | കമ്പനി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജലം ഏതെല്ലാം വിധത്തിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര അളവ് ജലമാണ് കമ്പനി പ്രതിവർഷം ഉപയോഗിക്കുമെന്ന് കണക്കാക്കിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ഡി) | ഈ പ്രൊജക്റ്റിന് ആവശ്യമായ വെള്ളം KINFRA Water Supply Scheme-ൽ ഉൾപ്പെടുത്തി നൽകാമെന്ന് കേരള വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. Rain Water Harvesting നടത്തി മഴവെള്ളം സംഭരിക്കാനുള്ള പദ്ധതിയും കമ്പനി പ്രോജക്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | കമ്പനി പൂർണ്ണ തോതിൽ പ്രവർത്തനക്ഷമമാകുന്നതോടുകൂടി സംസ്ഥാനത്ത് | (ഇ) | യൂണിറ്റ് പ്രവർത്തനക്ഷമമാകുമ്പോൾ ഉദ്ദേശം 500-ൽ അധികം ആളുകൾക്ക് പ്രത്യക്ഷമായിട്ടും, 1000- |

| | | | |
|---|---|---|---|
| | എത്ര തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും എന്നാണ് കരുതുന്നത്; പ്രസ്തുത പ്ലാൻറ് സ്ഥാപിക്കുന്നതിലൂടെ സർക്കാരിലേക്ക് പ്രതിവർഷം എത്ര വരുമാനം ലഭിക്കുമെന്നാണ് കണക്കാക്കുന്നത്; | | ൽ അധികം ആളുകൾക്ക് പരോക്ഷമായിട്ടും തൊഴിൽ സാധ്യതകൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമമായാൽ മാത്രമേ സർക്കാരിലേക്ക് പ്രതിവർഷം എത്ര വരുമാനം ലഭിക്കുമെന്ന് കണക്കാക്കാൻ സാധിക്കുകയുള്ളൂ. |
| (എഫ്) | കമ്പനിയിൽ ഉൽപ്പാദനത്തിനുള്ള അസംസ്കൃത വസ്തുക്കൾ എന്തൊക്കെയാണെന്നും ഇതിൽ ഏതൊക്കെ ഇനങ്ങളാണ് സംസ്ഥാനത്തു നിന്നും കമ്പനിക്ക് ലഭ്യമാക്കാൻ കഴിയുകയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എഫ്) | Rotten/broken rice (പൊട്ട് അരി), ചോളം, വെജിറ്റബിൾ, കപ്പ സ്റ്റാർച്ച്, ഗോതമ്പ്, സ്വീറ്റ് പൊട്ടറ്റോ (മധുരകിഴങ്ങ്) എന്നിവയാണ് അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്നതായി കമ്പനി അറിയിച്ചിട്ടുള്ളത്. അസംസ്കൃത വസ്തുക്കളിൽ കേരളത്തിൽ ഉത്പാദിപ്പിക്കാൻ സാധിക്കുന്ന കാർഷിക വിളകളായ നെല്ല്, കപ്പ എന്നിവയുടെ ഉത്പാദനം കേരളത്തിൽ പ്രോൽസാഹിപ്പിക്കുന്ന പക്ഷം ആയത് കാർഷിക മേഖലക്ക് സഹായകരമാകും. |
| (ജി) | ചിറ്റൂരിൽ സർക്കാർ ഉടമസ്ഥതയിലുള്ള മലബാർ ഡിസ്റ്റിലറീസിൽ വിദേശ മദ്യവും നിർമ്മിക്കാൻ കഴിയുമെന്നിരിക്കെ പുതിയൊരു സ്ഥലത്ത് പുതിയൊരു കമ്പനിയെ കണ്ടെത്താൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (ജി) | സർക്കാർ പുതിയൊരു കമ്പനിയെ കണ്ടെത്തിയതല്ല. ടി കമ്പനി എഥനോൾ പ്ലാന്റ്, മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ്, ഇന്ത്യൻ നിർമ്മിത വിദേശമദ്യ ബോട്ടിലിങ്ങ് യൂണിറ്റ്, ബ്രൂവറി, മാൾട്ട് സ്പിരിറ്റ് പ്ലാന്റ്, ബ്രാണ്ടി/വൈനറി പ്ലാന്റ് എന്നിവ ആരംഭിയ്ക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ നിലവിലുള്ള മദ്യനയത്തിന്റെയും അബ്കാരി ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാർ പ്രാരംഭാനുമതി മാത്രമാണ് നൽകിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ